## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3298 | 23.06.2014- ലെ മറുപടിക്ക്

### കാസർഗോഡ് ജില്ലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ എ. നെല്ലിക്കുന്ന്: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മറ്റ് ജില്ലകളെ അപേക്ഷിച്ച് കാസർ ഗോഡ് ജില്ല പിന്നോക്കമായതിന്റെ കാരണങ്ങൾ എന്താണെന്ന് കണ്ടെത്തി യിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇതുസംബന്ധിച്ച് വല്ല പഠനങ്ങളും നടന്നിട്ടുണ്ടോ; പൊതുമേഖലയിൽ കാസർഗോഡ് ജില്ലയിൽ എത്ര വ്യവസായ സ്ഥാപനങ്ങളുണ്ട്; അവ ഏതു വർഷമാണ് ആരംഭിച്ചത്; | (ബി) കാസർഗോഡ് ജില്ലയുടെ വികസന സാദ്ധ്യതകളെപ്പറ്റി പഠനം നടത്തുന്നതി നായി സർക്കാർ നിയോഗിച്ച പി. പ്രഭാകരൻ കമ്മീഷൻ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലയിൽ ഒരു വ്യവസായ സ്ഥാപനമുണ്ട്. KEL -ന്റെ യൂണിറ്റ് 2009-ലാണ് BHEL ഏറ്റെടുത്തത്. സംസ്ഥാന പൊതുമേഖല സ്ഥാപനമായ Kerala State Textile Corporation-ന്റെ ഒരു യൂണിറ്റ് 2010-11-ൽ കാസർകോട് ജില്ലയിൽ പ്രവർത്തനമാരംഭിച്ചു. |
| (സി) മിഷൻ 676-ൽ ഉൾപ്പെടുത്തി എന്തെല്ലാം സംരംഭങ്ങൾ കാസർഗോഡ് തുടങ്ങാ നാണ് ഉദ്ദേശിക്കുന്നത്; | (സി) തീരുമാനിച്ചിട്ടില്ല. |

(ഡി) പ്രഭാകരൻ കമ്മീഷൻ ശുപാർശകളിലേ തെങ്കിലും മിഷൻ 676 പദ്ധതിയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ; പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ പദ്ധതി കൾ മുഴുവൻ നടപ്പിലാക്കാൻ എത്ര കോടി രൂപ വേണം; ഈ സർക്കാരിന്റെ കാലത്തുതന്നെ പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ മുഴുവൻ നടപ്പിലാക്കുമോ ?

(ഡി) ഇല്ല. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയ്ക്കായി 11123.07 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2524.56 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും, 756.19 കോടി രൂപ കേന്ദ്ര സർക്കാരിന്റെ വിഹിതമായും, 543 കോടി രൂപ പുറമേ നിന്നുള്ള ഏജൻസികളുടെ വിഹിതമായും, 35.16 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിഹിതമായും, 7264.16 കോടി രൂപ സ്വകാര്യ പങ്കാളിത്തവും കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളുടെ വിഹിതമായും ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമേ നിർണ്ണായകമായ ന്യൂനതകൾ പരിഹരിക്കുന്നതിനായി 2013-14 ൽ കാസർഗോഡ് പാക്കേജിനായി 25 കോടി രൂപ വകയിരുത്തുകയും 24.40 കോടി രൂപ ചെലവഴിക്കുകയുമുണ്ടായി. 2014-15-ൽ 75 കോടി രൂപ ഇതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.